**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1476** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി തറക്കല്ലിട്ടിട്ട് ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കെട്ടിടനിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ? | (ബി) | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 20,00,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ പ്രൈസ് സോഫ്റ്റ് വെയറിന്റെ അപ്ഡേഷൻ നടക്കുകയുണ്ടായി. കൂടാതെ DSR ന്റെ റിവിഷൻ കാരണം എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയിൽ അധികരിച്ചതിനാൽ, ഭരണാനുമതി തുകയിൽ നിജപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും സിവിൽ/ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒന്നിച്ച് നടപ്പിലാക്കുന്നതിനായി composite mode ൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടി നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും ആയതിന് സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ